KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 3025/Plg തിയ്യതി: 04.10.2021

## സർക്കുലർ നമ്പർ 82/2021 (BD)

വിഷയം : കേരളത്തിൽ ജോലി ചെയ്യുന്നവരും കേരളത്തിൽ സ്ഥിരം മേൽ വിലാസമുള്ളവരുമായ CRPF ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരെ നമ്മുടെ ചിട്ടി പദ്ധതികൾക്ക് ജാമ്യമായി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് , CRPF ചെന്നെ റെയ്ഞ്ചിന്റെ ഓഫീസിൽ നിന്നും 28.07.2021 ന് എം.ഡി. കെ.എസ്.എഫ്.ഇ. യ്ക്ക് നൽകിയ കത്ത്.
2. ബോർഡ് തീരുമാനം 9320 തിയ്യതി 26.08.2021
3. സർക്കുലർ നമ്പർ 15/2021 (BD)തിയ്യതി 24.02.2021
4. സർക്കുലർ നമ്പർ 32/2019 (BD)തിയ്യതി 03.07.2019

** ** **

മേൽ സൂചന 2 പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്നവരും കേരളത്തിൽ സ്ഥിരം മേൽവിലാസമുള്ളവരുമായ CRPF ഉദ്യോഗസ്ഥരെ അവരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. യുടെ ചിട്ടികളിൽ (പ്രവാസി ചിട്ടി ഉൾപ്പെടെ) ജാമ്യമായി സ്വീകരിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ CRPF ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരെ ജാമ്യമായി സ്വീകരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്.

1. ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സമയത്ത് ജീവനക്കാരൻ കേരളത്തിലെ CRPF ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കണം. കേരളത്തിലെ സ്ഥിരം മേൽവിലാസം തെളിയിക്കുന്ന രേഖകൾ ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

2. SRNEG കാറ്റഗറിയിലാണ് ഇവരുടെ ശമ്പള സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തേണ്ടത്. SRNEG ജീവനക്കാരെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങളും ഇവർക്ക് ബാധകമായിരിക്കും.

3. ഈ ഘട്ടത്തിൽ ചിട്ടികളിൽ (പ്രവാസി ചിട്ടി ഉൾപ്പെടെ) മാത്രമാണ് CRPF ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കുന്നത്.

4. CRPF ഉദ്യോഗസ്ഥൻമാർ സമർപ്പിക്കുന്ന കമ്പ്യൂട്ടർ ജനറേറ്റഡ് ശമ്പള സർട്ടിഫിക്കറ്റ് / പേ സ്ലിപ്പിനോടൊപ്പം കെ.എസ്.എഫ്.ഇ. യുടെ Salary Certificate ലും ഉദ്യോഗസ്ഥന്റെ വിവരങ്ങൾ രേഖപ്പെടുത്തി ഉദ്യോഗസ്ഥന്റെ ഒപ്പ സഹിതം സമർപ്പിക്കേണ്ടതാണ്. കൂടാതെ സമർപ്പിച്ച ശമ്പള സർട്ടിഫിക്കറ്റ് / പേ സ്ലിപ്പിന്റെ വിശ്വാസ്യത തെളിയിക്കുന്നതിനായി ശമ്പള സർട്ടിഫിക്കറ്റ്/പേ സ്ലിപ്പ് നൽകിയ കേന്ദ്രത്തിലേയ്ക്ക് കൺഫർമേഷൻ ലെറ്റർ രജിസ്റ്റേർഡ് ആയി അയക്കേണ്ടതാണ്. ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഒപ്പിട്ട പ്രസ്തുത കൺഫർമേഷൻ ലെറ്റർ തിരികെ ലഭിച്ചതിനു ശേഷം നമ്മുടെ നടപടിക്രമങ്ങൾക്കനുസരിച്ച് ചിട്ടിപ്പണം നൽകാവുന്നതാണ്.

5. ചിട്ടിയിൽ മുടക്കു വരുന്ന പക്ഷം, ആ സമയത്ത് CRPF ഉദ്യോഗസ്ഥൻ കേരളത്തിനു പുറത്തുള്ള ഓഫീസിലാണ് ജോലി ചെയ്തു കൊണ്ടിരിക്കുന്നതെങ്കിലും റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി, ജാമ്യം നിൽക്കുന്ന CRPF ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും താഴെ പറയുന്ന മാതൃകയിൽ അണ്ടർടേക്കിങ്ങ് വാങ്ങേണ്ടതാണ്.

" CRPF ന്റെ ----------------------------------ഓഫീസിൽ ഇപ്പോൾ -------------------(തസ്തിക) ആയി ജോലി ചെയ്യുന്ന ---------------------------------------(പേര്) എന്ന ഞാൻ KSFE യുടെ --------------- ശാഖയിൽ എന്റെ /-----------(ചിറ്റാളന്റെ പേര്) പേരിലുള്ള------------നമ്പർ ചിട്ടിയിൽ----------- ചിറ്റാൾ നമ്പറിന്റെ ചിട്ടിത്തുകയായ ------------------- രൂപ കൈപറ്റുന്നതിന് ജാമ്യക്കാരനായി ആവശ്യമുള്ള രേഖകളിൽ ഒപ്പിട്ട് -------------------------(തിയ്യതി) ൽ നൽകിയിട്ടുണ്ട്. മേൽ ചിട്ടിയിൽ മുടക്കു വരുത്തുന്ന പക്ഷം, ആ സമയത്ത് ഞാൻ കേരളത്തിന് പുറത്തുള്ള ഓഫീസിൽ ജോലി ചെയ്യുകയാണെങ്കിലും എനിക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഞാൻ സമ്മതം നൽകുന്നു."

6. മേൽ സൂചന (3) സർക്കുലറിൽ പറഞ്ഞിട്ടുള്ള റിക്കവറി നോട്ടീസ് അയക്കാനുള്ള സമയപരിധി CRPF ഉദ്യോഗസ്ഥർക്ക് ബാധകമായിരിക്കും.

7. സൂചന (4) സർക്കുലറിൽ പറഞ്ഞിട്ടുള്ള പ്രകാരമാണ് SRNEG കാറ്റഗറിയിൽ വ്യക്തിഗത ജാമ്യം സ്വീകരിക്കുമ്പോൾ ബാധ്യതയുടെ പരിധി നിർണ്ണയിക്കേണ്ടത്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും | vi | സർക്കുലർ ഫയൽ |